O32:1N018:11 G8

PADMANABHA PILLAI:

AJAMELA MOKSHAM

O32:1N018:11
G8

MUL
165492

# അജാമിളമോക്ഷം

(ഒരു ലഘുകാവ്യം)

F... favour of consider tion
by the U...versity Board of St..dies, MADRAS

ഗ്രന്ഥകർത്താ,

## ഡി. പത്മനാഭപിള്ള.

B.V. BOOK DEPOT
TRIVANDRUM.

പ്രസാധകൻ

## കെ. ആർ. ജി. മേനോൻ.

ബി. വി. ബുക്ക്ഡിപ്പോ & പ്രിൻറിങ്ങ് വർക്ക്സ്

തിരുവനന്തപുരം.

1114] [വില അണ 8.

*No copy is genuine without the stamp of the Publisher*

165492
38420
O32:1 N018:11
G8

# അവതാരിക

"ഡി. പി" എന്നു് സുവിദിതനായ ശ്രീമാൻ പത്മനാഭപിള്ള അവർകളുടെ "അജാമിളമോക്ഷം" ലഘുകാവ്യം പൊതുജനസമക്ഷം അവതരിപ്പിക്കാൻ എനിക്കു പ്രത്യേക സന്തോഷമുണ്ടു്. അദ്ദേഹത്തിൻെറ 'നൃസിംഹാവതാരം' മുതലായ വിശിഷ്ടകൃതികൾ ഇതിനുമുമ്പുതന്നെ പ്രസിദ്ധീകൃതങ്ങളും അവ സഹൃദയാനുമോദനത്തിനു അർഹമെന്നു സുസ്ഥാപിതവുമാകുന്നു. വലിയ ആർഭാടങ്ങളോ ഒച്ചപ്പാടുകളോ കൂടാതെ എത്രയും ഒതുങ്ങിയ രീതിയിൽ സാഹിത്യപരിശ്രമം ചെയ്തുവരുന്ന ഒരാളാണു് ഈ ഗ്രന്ഥകാരൻ എന്നു മാത്രമല്ല, ഒരു യഥാൎത്ഥ ഭക്തൻ കൂടിയാണിദ്ദേഹമെന്നു് സ്വകൃതികൾ പ്രഖ്യാപനം ചെയ്യുന്നു.

ഇതിവൃത്തമോ കഥാബന്ധമോ വിഷയവിവരമോ കൂടാതെ "മിസ്റ്റിക്കു്" എന്നും "ഗീതക"മെന്നും മററുമുള്ള വിവിധരൂപാന്തരങ്ങളിൽ അവതരിച്ചുവരുന്ന ഖണ്ഡകൃതികളിൽ മതിമറന്നു വിഹരിക്കുന്നവൎക്കു് ശ്രീമാൻ ഡി. പത്മനാഭപിള്ളയുടെ ഈ കൃതി എത്രമാത്രം രുചികരമാകുമെന്നു് കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു.

എന്നാൽ അകൃത്രിമരമണീയവും പുരാണകഥാവിവക്ഷിതവുമായ ഈ കൃതി ഉററു പഠിക്കുന്നപക്ഷം അതു് പലേ ഗുണപാഠങ്ങളും ആൎക്കുതന്നേ പ്രദാനം ചെയ്കയില്ല. പുരാണകഥകളാകുന്ന ദ്രാക്ഷാരസത്തേ ഈദൃശങ്ങളാകുന്ന നവീന ഭാജനങ്ങളിലാക്കി വേണം ആധുനിക

വിദ്യാൎത്ഥിലോകത്തിന് ആസ്വാദ്യമാക്കിത്തീൎക്കേണ്ടതു് എന്നു് ഈ കൃതി വായിച്ചപ്പോൾ എനിക്കു തോന്നാതിരുന്നില്ല.

കഥാബന്ധത്തെ സംബന്ധിച്ചാണെങ്കിൽ മൂലകൃതിയിൽനിന്നും ഇതിൽ യാതൊരു മാററവും വരുത്തിയിട്ടുള്ളതായി കാണുന്നില്ലെങ്കിലും ഈ ഗ്രന്ഥകാരന്റെ കല്പനാവൈഭവവും വൎണ്ണനാ ചാതുരിയും അവിടവിടെ തിരതല്ലി പരിലസിക്കുന്നതായി കാണാവുന്നതാണു്.

അജാമിളൻ ചമത മുതലായവ ശേഖരിക്കാനായി പ്രവേശിയ്ക്കുന്ന വനം എത്രയും ചുരുങ്ങിയ മട്ടിൽ സരസരീതിയിൽ വൎണ്ണിതമായിരിക്കുന്നു.

നൈൎഝരം ശീകരംപൂണ്ടു
സുമാമോദധുരീണനായ്
ലതാപ്രിയൻ മരുത്തേററം
സൽക്കരിച്ചു ദ്വിജേന്ദ്രനേ.

എന്നും,

ഇലകൾക്കകമേ ചേൎന്നു
ശോഭിച്ചു പുഷ്പസഞ്ചയം
മുകിലിന്നിടയിൽക്കൂടി-
ത്താരാവലികളെന്നപോൽ.

എന്നുംമററുമുള്ള ഭാഗങ്ങൾ ഹൃദയാഹ്ലാദകങ്ങളും അവക്രമായ പ്രതിപാദനാരീതിക്കു് ഉദാഹരണങ്ങളുമാകുന്നു.

"ദ്വേധാദ്വിജരാജത്വ"ത്തോടുകൂടി, വനത്തിൽ സഞ്ചരിക്കുന്ന വേശ്യാംഗനാവശഗനായ അജാമിളൻ കാലാന്തരത്തിൽ അനവധി ദുഷ്കൃത്യങ്ങൾ ചെയ്തു് ഒടുവിൽ

കോലത്തിലേ മാററു നിനച്ചു വിപ്രൻ
ശീലത്തിലേ മാററിട്ടിവോർത്തിടാതെ
ലോലാക്ഷിയാം കെട്ടിയതായ സർവ-
കോലത്തിനും തുള്ളിയതാണബദ്ധം.

എന്നു് എത്രയും അനുഭവരസത്തോടുകൂടി കവി സമർത്ഥി ക്കുന്നു. എന്നുവേണ്ട,

രഞ്ജിച്ചുവാണോരവൾ നിർദ്ധനൻെറ
മുഞ്ഞിയ്ക്കുനോക്കിപ്പല ഗോഷ്ഠികാട്ടി
ഭഞ്ജിച്ചുപോയീ മുതലെന്നുവന്നാൽ
പഞ്ഞിയ്ക്കുതുല്യം പതി വേശ്യകൾക്കു്.

എന്നു് പലർക്കൊരു പാഠമെന്നോണം ഉപദേശിക്കയും ചെയ്യുന്നു. ഇതിലെ മുഞ്ഞിപ്രയോഗം ദേശ്യമെങ്കിലും പൂർവമഹാകവിപ്രയോഗംകൊണ്ടു് ന്യായീകൃതമാണല്ലോ.

അജാമിളൻ ദുർവൃത്തനായി കാലംകഴിച്ചു. ഒടുവിൽ ഒരു പടുവൃദ്ധനായി.

യമകിങ്കരപ്രവേശനത്തിൽ ഭയന്നു് അദ്ദേഹം സ്വപു ത്രനാമധേയം ഉച്ചരിച്ചു. ആ നാരായണശബ്ദമാഹാത്മ്യ ത്താൽ വിഷ്ണുവിൻെറ അനുചരരായ നാലു വൃദ്ധയോഗീന്ദ്ര ന്മാർ പ്രത്യക്ഷരായി അജാമിളനേ യമപാശങ്ങളിൽനിന്നും വിമുക്തനാക്കിയതോടുകൂടി അദ്ദേഹം അനർഘവിജ്ഞാന സമ്പന്നനായി.

സ്വം സർവേശ്വരങ്കൽ പരിചിനൊടു സമ-
ർപ്പിച്ചുനിഷ്കാമനായി-
ട്ടവ്യാജാനന്ദശശ്വൽ പരമപദമേക-
ക്കാമ്പിലാശിച്ചുനിത്യം

ദിവ്യശ്രീയൊത്തുചേരും മുനിജനവടിവാ-
ന്നൊത്രയും ശുദ്ധിപൂർവം
ഗർവെന്ന്യേ ചെന്നിരുന്നാനടജമതിലുടൻ
മംഗളാത്മാ ദ്വിജേന്ദ്രൻ.

അനന്തരം വിഷ്ണുപാർഷദന്മാർ കൊണ്ടുവന്ന വിമാനത്തിൽ ആരോഹണംചെയ്തു് പരമസായൂജ്യപദം അടയുകയും ചെയ്തു.

ലളിതകോമളമായ ഭാഷയിൽ പ്രസാദഗുണം മുൻനിറുത്തി രചിച്ചിരിക്കുന്ന ഈ കൃതിയിൽ അലങ്കാരഭ്രമം നിമിത്തമുള്ള വക്രഗതിയോ വായനക്കാരെ വിഷമിപ്പിക്കുവാൻമാത്രം അപൂർവപദപ്രയോഗദുർവാസനയോ കാണുന്നില്ലെന്നുള്ളതു് വലിയ ആശ്വാസഹേതുകമാണു്. എന്നാൽ ശബ്ദാർത്ഥഭംഗികൾക്കു് യാതൊരു കോട്ടവും തട്ടീട്ടില്ലെന്നുള്ളതു് പ്രത്യക്ഷവുമാണു്.

ഐകരൂപ്യത്തോടുകൂടിയല്ലാതെയുള്ള ദ്വിതീയാക്ഷരപ്രാസദീക്ഷ പൊതുവിൽ കാണുന്നുണ്ടെങ്കിലും അതില്ലാതെയും ചിലേടങ്ങളിൽ കാണുന്നുണ്ടു്.

വേണ്ടാത്തതും വേണ്ടതുമൊക്കെ വേണ്ട
തുണ്ടാക്കി വേണ്ടാത്തവനായി മണ്ടൻ
പണ്ടാരുമിണ്ടൽക്കിതുപോലെ കണ്ടു
വേണ്ടാതനക്കുണ്ടിലുരുണ്ടതില്ല.

എന്നതിലെ അനുപ്രാസഭംഗിയും,

കല്യാണശീലഗുണശാലികളിപ്രകാരം
ചൊല്ലിച്ചിരിച്ചവരെയമ്പൊടു നോക്കിനിന്നു

അദ്ധ്യാപകന്റെ വചനാമൃതമാസ്വദിക്കാൻ
ശ്രദ്ധിച്ചുനിൽക്കുമൊരു ശിഷ്യഗണംകണക്കേ.

ആരാകിലെന്തൊരു വിവേകവിചാരഹീനം
നാമംജപിക്കിലഘവാസനതീൎന്നുപോകും
രോഗത്തിനൊത്തൊരു മരുന്നറിയാതെരോഗി
സേവിക്കിലും ഗദശമം വരുമെന്നപോലെ

കേട്ടാലുമേത്തുമറിവും കലരാതെ നാമം
മുട്ടാതെചൊൽകിലതുപോരുമഘം നശിപ്പാൻ
കത്തേണമെന്നു ലവലേശവിചാരമില്ലാ-
തിട്ടാലുമിന്ധനമെരിഞ്ഞിടുമാശുതീയിൽ.

ആദിയായ സ്ഥലങ്ങളിലെ അലങ്കാരഭംഗിയും പൊതുവേയുള്ള ധാരാവാഹിത്വവും ഏററവും രസകരവും ഹൃദയംഗമവുമായിരിക്കുന്നു. എന്നുമാത്രം പ്രസ്താവിക്കാനെ ഇപ്പോറം തരമുള്ളു. ഗ്രന്ഥകാരന്റെ മനസ്സിന്റെ ഒരു മാനദണ്ഡമോ പ്രതിബിംബമോ ആയി കരുതാവുന്ന ഒടുവിൽ കാണുന്ന തത്വചിന്താപ്രസംഗം ആദ്ധ്യാത്മികകാൎയ്യങ്ങളിൽ മനസ്സു ചെലുത്താത്തവൎക്കു മാത്രമേ വൃഥാ സ്ഥൂലമെന്നു തോന്നുകയുള്ളൂ.

ആകപ്പാടെ രമണീയമായ ഈ കൃതിക്കു അഭംഗമംഗളമായ പ്രചുരപ്രചാരം ആശംസിച്ചുകൊള്ളുന്നു.

മേലിലും സൽകൃതികറം ഭാഷായോഷയ്ക്കു പ്രദാനം ചെയ്യത്തക്കവണ്ണം ഈ ഗ്രന്ഥകാരന്റെ വൃദ്ധതന്ത്രികറംക്ക് ഈശ്വരാധീനത്താൽ യുവത്വം സിദ്ധിക്കട്ടെ.

സഹൃദയ ശിരോമണികളുടെ അത്യുദാരമായ പ്രോത്സാഹനത്തിൽ അനവധി അനർഘ കാവ്യരത്നങ്ങൾ തേടിപ്പിടിച്ചു് പ്രസാധനം ചെയ്തു് ഭാഷാഭഗവതിയെ ധന്യധന്യയാക്കുന്ന ബി. വി. ഗ്രന്ഥാലയ പ്രവൎത്തകന്മാരെ ഈ കൃതിയുടെ പ്രസിദ്ധീകരണത്തിൽ പ്രത്യേകം അനുമോദിച്ചുകൊള്ളുന്നു.

പാറശ്ശാല,
24—5—1114.

പരുത്തിക്കാട്ടു ഗോപാലപിള്ള.

ഓം.

വലിയ ജോലിത്തിരക്കുണ്ടായിരുന്നിട്ടും അതി
നിടയിൽ എന്റെ കൃതിവായിച്ച് അതിനു ഒരു
അവതാരിക എഴുതിയ എന്റെ മാന്യസ്നേഹിതൻ
പരുത്തിക്കാട്ടു ഗോപാലപിള്ള അവർകളോടു ഞാൻ
എന്നും കൃതജ്ഞനായിരിക്കും.

അമ്പലപ്പുഴ
26—5—114.

ഗ്രന്ഥകർത്താ.

# മുഖവുര

ഞാൻ ഒരു അദ്ധ്യാപകനായിരുന്നതിനാൽ മലയാളത്തിലുള്ള പലതരം കൃതികളും വായിക്കാനും പഠിക്കാനും പഠിപ്പിക്കാനും ഇടയായിട്ടുണ്ട്. ഗദ്യകൃതികൾ കവിതയല്ലെന്നു വിചാരിച്ചിരുന്ന അക്കാലങ്ങളിൽ പദ്യകൃതികളിലാണു് എനിക്കും അധികം അഭിരുചിതോന്നിയിരുന്നതു്. അതുനിമിത്തം ചില പദ്യകൃതികൾ എഴുതാനും ഇടവന്നു.

എൻെറ പിതാവായിരുന്നു് മരിച്ചുപോയ മല്ലപ്പിള്ളിൽ നാരായണപ്പണിക്കർ അവർകളുടെ ഷഷ്ട്യബ്ദപൂർത്തിസംബന്ധിച്ചു് തുള്ളിക്കാനായി ശാകുന്തളം എന്നൊരു ഓട്ടൻതുള്ളലും, ആ മഹാമഹത്തെതന്നെ വർണ്ണിച്ചു് ഒരു ശതകവുമാണു് ഞാൻ ആദ്യമായി എഴുതിയതു്.

ഓട്ടൻതുള്ളലിൽ ആദ്യഭാഗം സ്വല്പം താഴെ കാണിക്കുന്നു.

സോമകുലാർണ്ണവ പൂർണ്ണശശാങ്കൻ
സീമാരഹിതഗുണൈക നിവാസൻ
സോമാനന,നതിമതിഗംഭീരൻ
ഭൂമീപതി വരനീശ്വരഭക്തൻ
തരുണീകുലമണിമാർക്കൊരു മദനൻ
തരുണഗുണങ്ങൾ നിറഞ്ഞൊരു പുരുഷൻ
ശസ്ത്രങ്ങളിലും ശാസ്ത്രങ്ങളിലും

ചീത്തവിദശ്ധത ചേൎന്നൊരു ധന്യൻ
ഉത്തമമഹിത മഹീസുരവരരുടെ
പത്തനമനവധി കൊണ്ടുവിളങ്ങും
ഹസ്തിനമെന്നു പ്രസിദ്ധമതായൊരു
പത്തനമതിലതി പരമാനന്ദാൽ
അൎത്ഥിജനത്തിന്നനുദിനമനവധി
വിത്തമഹാമഴ പെയ്തതിവേലം
സുത്രാമോപമ ഗുണനിധി നരപതി
ദുഷ്ഷന്തൻതാൻ തത്രവസിച്ചു.

ശതകത്തിലെ ഒരു പദ്യവും കാണിയ്ക്കുന്നു.

മുല്ലപ്പിള്ളിൽ, മുകുന്ദദേവനവതാ-
രംചെയ്തു വാഴുന്നപോ-
ലെല്ലോ, "ദാനവശാസനേന" മരുവും,
നാരായണാഖ്യപ്രഭു,
ഉല്ലാസാൽ നിജ ഷഷ്ടിപൂൎത്തിമഹവും
ഘോഷിച്ചിനീമിത്രയും
കൊല്ലംക്രൂടി വദാന്യനായ് വിലസുവാൻ
ദൈവം തുണച്ചീടണം.

ഇതു രണ്ടും അച്ചടിപ്പിക്കാൻ അന്നു നിഷ്പ്രയാസം സാധിക്കുമായിരുന്നു. പക്ഷേ അതിനു സംഗതിവന്നില്ല എന്നേയുള്ളു.

പിന്നീടു, അന്നദാതാവായിരുന്ന ശ്രീമൂലംതിരുനാൾ പൊന്നുതിരുമേനിയുടെ ഷഷ്ട്യബ്ദപൂൎത്തി സംബന്ധിച്ച് നടത്തിയ ആഘോഷത്തിൽ തുള്ളിക്കാൻ"ഷഷ്ട്യബ്ദപൂൎത്തി മഹോത്സവം"എന്നു് ഒരു ഓട്ടൻതുള്ളൽ ക്രൂടി എഴുതിയിരു

ന്നതു് എൻെറ ഗുരുവായിരുന്ന രാജശ്രീ കിട്ടായിമേനവൻ അവർകളുടെ അവതാരികയോടുകൂടി അച്ചടിപ്പിച്ചു് പ്രസിദ്ധപ്പെടുത്തുകയുണ്ടായിട്ടുണ്ടു്.

അതിനുശേഷം എൻെറ പിതാവു് മരണശയ്യയിൽ കിടന്ന അവസരത്തിൽ ഞാൻ ഭാഗവതം വായിച്ചുകൊണ്ടിരുന്നു. പ്രഹ്ലാദചരിതം വായിച്ചുതീൎന്നപ്പോൾ ആ പുണ്യാത്മാവു് പരലോകം പ്രാപിച്ചതിനാൽ അതിൻെറ സ്മരണയെ ഉദ്ദേശിച്ചു് നൃസിംഹാവതാരം എന്ന ഖണ്ഡകാവ്യം എഴുതുവാൻ സംഗതിയായി.

അതു് എഴുതുമ്പോൾ ഞാൻ ഇടപ്പള്ളി വി. എം. ഗേൾസ്‌സ്കൂൾ ഹെഡ്‌മാസ്റ്ററായിരുന്നതിനാൽ എറണാകുളം കോളേജ് മലയാളപണ്ഡിതൻ മേലങ്ങത്തു് മിസ്റ്റർ: അച്യുതമേനവൻെറ അവതാരികയോടുകൂടി അച്ചടിപ്പിക്കയും ചെയ്തിരുന്നു.

പെൻഷൻപ്രമാണിച്ചു് ഉദ്യോഗത്തിൽനിന്നും പിരിഞ്ഞതിനുശേഷം ഞാൻ ഭക്തിമാൎഗ്ഗത്തിൽതന്നെ ജീവിതം നയിച്ചുവരികയാണു്.

നാരായണനാമമാഹാത്മ്യത്തെ ഓൎത്തു് എഴുതാനിടവന്ന അജാമിളമോക്ഷം എന്ന ഈ ചെറിയകൃതി, രാജശ്രീ, ബി. വി. ബുക്കുഡിപ്പോ മാനേജർ അവർകൾ അച്ചടിപ്പിക്കാമെന്നു് ഏററു് ദയവായി എന്നെ സഹായിച്ചതുകൊണ്ടു് ഇപ്പോൾ മഹാജനങ്ങൾ ഇതു് കാണ്മാൻ ഇടവരുന്നതാണു്. ഇതിൽ കണ്ടേക്കാവുന്ന സ്ഖലിതങ്ങൾ മാന്യവായനക്കാർ പൊറുത്തു് എന്നെ അനുഗ്രഹിക്കുമാറാകണം.

ഇക്കാൎയ്യത്തിൽ ഉററു ശ്രമിച്ച് പുസ്തകം അച്ചടിപ്പിച്ച് തന്ന ബി. വി. ബുക്കഡിപ്പോ മാനേജർ അവർകളോട് ഞാൻ എന്നും കൃതജ്ഞനായിരിക്കും.

ഗുരുകൃപ എന്ന ഒരു ചെറിയ കൃതിയും എഴുതി ഏകദേശം പൂൎത്തിയായിട്ടുണ്ട്. അതും താമസംവിനാ അച്ചടിപ്പിച്ച് പ്രസിദ്ധപ്പെടുത്തുവാൻ ദൈവം അനുഗ്രഹിക്കട്ടെ എന്നു് പ്രാൎത്ഥിച്ചുകൊണ്ടു് തല്ക്കാലം വിരമിക്കുന്നു.

അമ്പലപ്പുഴ,
24—2—114.

ഗ്രന്ഥകൎത്താ.

UNIVERSITY LIBRARY
21 JUL 1955
MADRAS

# അജാമിളമോക്ഷം

## ഒരു ഖണ്ഡകാവ്യം

കന്യാകുബ്ജാഖ്യദേശത്തിൽ
ഉന്നതാന്വയജാതനായ്;
മുന്നമുണ്ടായിരുന്നേകൻ
ധന്യനായോരജാമിളൻ. 1

ഗൃഹസ്ഥാശ്രമിയായ് സർവം-
സഹാദേവനനാമയം;
സൽക്കർമ്മനിരതൻ സർവ്വോ-
ല്ക്കൃഷ്ടനായ്വാണു സന്തതം. 2

ആ മഹാനൊരുനാൾ നിത്യ-
ഹോമനിർവ്വഹണാർത്ഥമായ്;
സമിത്തും കുശയും നേടാ-
നമന്ദം ചെന്നു കാനനേ. 3

നൈർഝരംശീകരംപൂണ്ടു
സുമാമോദധുരീണനായ്;
ലതാപ്രിയൻമരുത്തേററം
സല്ക്കരിച്ചു ദ്വിജേന്ദ്രനെ. 4

നാനാവൃക്ഷലതാകുഞ്ജ-
സഞ്ചയത്താലലംകൃതം;
കാനനം കണ്ടു വിപ്രേന്ദ്ര-
നാനന്ദപരതന്ത്രനായ്; 5

മേൽബ്ഭാഗം പച്ചിലകളാ-
ലാകെമൂടിക്കിടക്കയാൽ,
തോന്നീ വിപ്രന്നു കാർമേഘ-
നിരയാണെന്ന സംശയം. 6

ഇലകൾക്കകെമേ ചേൎന്നു
ശോഭിച്ചു പുഷ്പസഞ്ചയം;
മുകിലിന്നിടയിൽക്കൂടി-
ത്താരാവലികളെന്നപോൽ. 7

സൂൎയ്യരശ്മി കടക്കായ്ക
കാരണം പകലും തദാ;
രാത്രിയാണെന്നു പെട്ടന്ന-
ങ്ങോൎത്തു ധാത്രീസുരേന്ദ്രനും. 8

ആവഹിച്ചുതദാ, ദ്വേധാ
ദ്വിജരാജത്വമമ്മഹാൻ;
ദ്വിജങ്ങൾ കൂജനംകൊണ്ടി-
ട്ടാതിത്ഥ്യം നിറവേററിനാർ. 9

തോഷിച്ചു ഭൂസുരൻ നില്ക്കെ
കണ്ടാനത്ഭുതമാം വിധം;
വനസൂനങ്ങൾകൊണ്ടുണ്ടാ-
യ്വന്നപോലൊരു തന്വിയെ. 10

പങ്കജംമുഖമായ്തീന്ന-
താവാം, ലോചനയുഗ്മമോ;
ഭംഗികോലും കുവലയം
മട്ടുമാറിയതായ്‌വരാം. 11

മുല്ലമൊട്ടുകളത്യന്തം
നല്ലപല്ലുകളായതാം;
ചെമ്പരുത്തിപ്രസൂനങ്ങ-
ളാകാമോഷ്ഠാധരങ്ങളും. 12

നലമാൎന്നുള്ളൊരീമൂക്കു
തിലപുഷ്പമതാകിലാം;
മലരിൻമങ്കയെന്നുള്ള
നിലകാണുന്നു സൎവ്വഥാ. 13

തിങ്ങിക്കാണ്മോരുപൊർകൊങ്ക-
ദ്വന്ദ്വം, ഭംഗി കലൎന്നെഴും;
പൂങ്കൊത്തുകളശേഷം ചേ-
ൎന്നങ്കുരിച്ചു വളൎന്നതാം. 14

മേനിയോ, നന്മയേറും ന-
ന്മേനിവാകപ്രസൂനമാം;
മാനിനീമണി, സൂനാസ്ത്ര-
മാനിനിയ്ക്കു സമാംഗിയാം. 15

ചെമ്പകപ്പൂക്കൾ ചേൎന്നൊത്തു
സാമ്പ്രതം നിറമായതാം;
ഉമ്പർകോനാകിലും കണ്ടാ-
ലമ്പരക്കും നതാംഗിയെ. 16

മധുവുണ്മാൻപറന്നെത്തും
വരിവണ്ടിണ്ടയായിടാം;
കണ്ടിക്കാർകുന്തളം, നീണ്ട
ചണ്ടിപോലിഹ കാണ്മതും. 17

പൂക്കളെല്ലാമ്മുറയ്യൊത്ത
ഗാത്രമായ് തീൎന്നകാരണം;
ശസ്ത്രമില്ലായ്കയാൽ തേടു-
മാൎത്തനായിവളെസ്മരൻ. 18

വനദേവതയാണെന്നും
വന്നീടാമെന്തു മായമോ;
മനനം ചെയ്തിവണ്ണംഭ്രൂ-
സുരനും നിന്നിതന്ധനായ് 19

മോടിയോടവൾ ചാഞ്ചാടി-
ക്കുഴഞ്ഞുമദയാനപോൽ;
നടന്നുവരവേതെല്ലൊ-
ന്നാശ്വസിച്ചു ധരാസുരൻ. 20

സുഭ്രൂവാമവളെക്കണ്ടു-
മാരമാലേറവു പാരമായ്;
വിഭ്രമിച്ചവളോടേവ-
മത്ഭുതാംഗനരച്ചിദം. 21

സുന്ദരീരത്നമേ! നിന്നെ-
ക്കണ്ടു സന്തുഷ്ടനായി ഞാൻ;
പൂൎണ്ണചന്ദ്രോദയത്തിങ്ക-
ലസന്തുഷ്ടിവരാവതോ. 22

ആരു നീ കാമിനീ നിന്റെ
പതിയാരോമലെശ്ശുഭേ!
നേരുതാനോതെണം വാനോർ-
നാരിമാർക്കൊത്ത ബാലികേ. 23

കാനനേ തനിയേ താരേ-
ശാനനേ സഞ്ചരിയ്ക്കുവാൻ;
ഭാമിനീമത്തഹസ്തീന്ദ്ര-
ഗാമിനീഹേതുവെന്തുവാൻ. 24

കാട്ടിലേകാകിയായങ്ങേ-
ക്കാഷ്ഠകാരണമത്ര ഞാൻ;
വീട്ടിലേക്കു ക്ഷണിപ്പാനായ്
വന്നതാണത്ഭുതാകൃതേ. 25

അവിവാഹിതയും ശൂദ്ര-
കുലജാതയുമാണു ഞാൻ;
ഭവനംതെല്ലടുത്താണെ-
ന്നേവമെല്ലാമുരച്ചവൾ. 26

അതുകേട്ടുമഹീദേവ-
നതികൗതുകലാകുലൻ;
മതിനേർമുഖിയിൽ പാരം
കൊതിപൂണ്ടോതിവിദ്രുതം. 27

ചഞ്ചൽചില്ലിസുധാസതീത്ഥ്യത-
യെഴും നിൻ പുഞ്ചിരിക്കൊഞ്ചലും
നെഞ്ചിൽ സഞ്ചിതമായവൻ കുളിർകുച-
പ്പൊൽപ്പെച്ചപ്പുമോക്ഷം വിധൗ;

നെഞ്ചിൽത്തന്നെ തറച്ചിടുന്നു വിശിഖം
പൌഷ്പേഷവം, പ്രാഭവം
തഞ്ചുംതേന്മൊഴി; പഞ്ചബാണനിലയേ;
വഞ്ചിക്കൊലാമാംപ്രിയെ; 28

തണ്ടാർബാണസമാനകാന്തികലരും–
പൂമെയ്‌വിലാസോദയം
കണ്ടപ്പോൾ മദനാൎത്തിപൂണ്ടവശയായ്–
ത്വദ്ദാസിയായ് തീൎന്നുഞാൻ;
കണ്ടീടാതിനിയുള്ള ജീവിതമെനി-
ക്കാവശ്യമില്ലെന്നു നൽ–
ക്കണ്ഠിക്കാറണിവേണിയാളുമുടന-
ങ്ങോതീടിനാൾ സസ്മിതം. 29

കൎണ്ണത്തിലങ്ങമൃതുക്കോരിയൊഴിച്ചിടുന്ന–
വൎണ്ണം കഥിച്ച മധുരോക്തി ശ്രവിച്ച വിപ്രൻ;
തന്നേ മറന്നവളിലങ്ങനുരക്തനായി-
ത്തീൎന്നു, ജഗത്തഖിലവും മദനന്നധീനം. 30

അന്യോന്യം കരവും പിടിച്ചിരുവരും
മാരോത്സവൌത്സുക്യരായ്–
ത്തന്നേ സുന്ദരഗാത്രിതന്റെ ഭവനം
പ്രാപിച്ചു മോദാന്വിതം;
കന്ദൎപ്പാഗമമൂലമന്ത്രജപമേ–
സായൂജ്യമെന്നോൎത്തു തൽ–
തന്വംഗീമണിയാളൊടൊത്തു
സസുഖം വാണു ധരാദേവനും. 31

# സർഗ്ഗം രണ്ടു്

അഹോ! മഹാപാപ, മനംഗമാലേ-
ററഹന്നിശം, ധർമ്മവിചാരമെന്യേ;
മഹീസുരൻ, വേശ്യയൊടൊത്തുവാണ-
മ്മഹാദ്വിജത്വം പഴുതാക്കിവച്ചു. 1

വേശ്യാംഗനാമോടിയിലന്നു വിപ്ര-
നാശാസ്യമല്ലാതെ ലയിച്ചു പാരം;
ആശ്വാസമില്ലാതുഴലുന്നകണ്ടാ-
ലാശ്ചര്യ്യമാർക്കാകിലുമുത്ഭവിക്കും. 2

കനത്തവാർകൊങ്കപുണന്നു നന്നായ്
മനസ്സിണങ്ങീട്ടധരം നുകർന്നും;
തനിക്കുവേണ്ടുന്നതിലേതുമൊന്നും
നിനച്ചിടാതങ്ങിനെ വാണു മൂഢൻ. 3

വെടിഞ്ഞു നാടും, നിജപത്നിയേയും,
കുടുംബവും, സ്വന്തപിതാക്കളേയും,
മറന്നു കർമ്മങ്ങ,ളവൻ ക്രമത്തിൽ
ക്കറങ്ങി, വേശ്യാംഗനയെപ്പുലർത്താൻ. 4

സർവോത്തരോർവ്വീസുരവംശ്യനേകൻ
സർവ്വംസഹയ്ക്കിങ്ങനെ ഭാരമായി
സർവ്വേശമായാഗതിയെത്തടുക്കാൻ
നിർവ്വാഹമില്ലെ ഭുവനത്തിലാർക്കും. 5

അക്കാലമക്കാമിനി, ദുഷ്കൃതൌഘം
പ്രത്യക്ഷമായ് കാൺമതുപോലെതന്നെ;
പെററാശ്രുനാലഞ്ചുതനൂജരുണ്ടാ-
യ്വളർന്നാരതി കോമളന്മാർ. 6

പുണ്യം നശിക്കാതെ കിടന്നതന്ന-
പ്പൊണ്ണന്നു തോന്നിച്ചതുപോലെ താതൻ;
പേരിട്ടു നാരായണനെന്നിതന്ത്യ-
പുത്രന്നുക്കൂറുണ്ടവനോടു വേറെ. 7

ലാളിച്ചു കുഞ്ഞുങ്ങളെയുമ്മവെച്ചും
മേളിച്ചു ജായാസഹിതം ദ്വിജേന്ദ്രൻ;
കേളീവിലാസത്തോടു വാണിടുന്ന
മേളം നിനച്ചാലതിരമ്യമത്രെ. 8

പെട്ടന്നപാടെന്തു പറഞ്ഞിടാവൂ
കുടുംബരക്ഷയ്ക്കവനായവണ്ണം;
ഓരാതെചെയ്യുന്നതശേഷ, മെന്നും,
തീരാതെയുള്ളത്തൽ വരുത്തു മാക്കും. 9

കോലത്തിലെ മാററു നിനച്ചു, വിപ്രൻ
ശീലത്തിലേ മാററിടിവോർത്തിടാതെ;
ലോലാക്ഷിയാൾ കെട്ടിയതായ സർവ്വ-
കോലത്തിനും തുള്ളിയതാണബദ്ധം. 10

സ്വത്തുള്ളതെല്ലാം വെറുതേ നശിപ്പി-
ച്ചുത്തുംഗപീനസ്തനിയെ പുലർത്തി;
നിസ്തുല്യപാപിഷ്ഠനനന്തദാരി-
ദ്ര്യാർത്ത്യാവലഞ്ഞങ്ങിനെ വാണുപിന്നെ. 11

സമ്പന്നനായിട്ടു കഴിഞ്ഞ നാളി-
ലെമ്പോററിയാണെന്നു നടിച്ചു വാണോർ;
ആപത്തുകാലത്തു വെറുത്തുകാണ്മൂ
സ്വാപത്തിലും സൽഗതിയില്ലവർക്കു്. 12

കട്ടും കവർന്നും പലമട്ടിലെല്ലാ-
മഷ്ടിയ്ക്കു, ദുഷ്ടൻ വഴിതേടിനിത്യം;
കഷ്ടപ്പെടുന്നു, പരമാർത്ഥതത്വ-
മൊട്ടുംനിനയ്ക്കാതവിവേകി നിത്യം. 13

രഞ്ജിച്ചുവാണോളവർ, നിർദ്ധനൻെറ
മുഞ്ഞിക്കുനോക്കിപ്പല ഗോഷ്ടികാട്ടി;
ഭഞ്ജിച്ചുപോയീ മുതലെന്നു കണ്ടാൽ
പഞ്ഞിക്കുതുല്യം പതി, വേശ്യകൾക്കു. 14

പണത്തിനേതും കുറവില്ലയെങ്കിൽ
ഗുണത്തിനും കാന്തനു കുററമില്ല;
പണംകുറഞ്ഞാലവനുള്ളനല്ല-
ഗുണങ്ങളുംപോ, "മിതുതന്നെരീതി" 15

ക്ഷോണീസുരൻ പക്ഷികളെപ്പിടിച്ചി-
ട്ടൂണിന്നു മാംസം കറിവച്ചിടുന്നു;
കാണിക്കുമാവംശ മഹത്വമെന്യേ
കാണിപ്പതോ, കർമ്മഫലം കഠോരം. 16

മാരാർത്തിപൂണ്ടിങ്ങനെയുള്ള ഭാര്യ-
മാരാർത്തിചേർക്കും വിധമോർത്തിടാതെ;
വാണാലവർക്കുള്ളനുഭൂതിയിന്ന-
താണെന്നു കാണിച്ചു തരുന്നു ഭോഷൻ. 17

വേണ്ടാത്തതും വേണ്ടതുമൊക്കെവേണ്ട-
തുണ്ടാക്കിവേണ്ടാത്തവനായി മണ്ടൻ;
പണ്ടാരുമിണ്ടൽക്കിതുപോലെ കണ്ട
വേണ്ടാതനക്കണ്ടിലുരുണ്ടതില്ല. 18

ഏണാക്ഷിയെക്കണ്ടു പരംഭ്രമിച്ച-
താണോനിമിത്തം, ദ്വിജവംശ്യജന്മം
ക്ഷീണിക്കുവാനെങ്കി, ലിതെന്തുപാപ-
മാണെന്നു ചിന്തിക്കെണമാരുമെന്നും. 19

മുജ്ജന്മപാപിയ്ക്കവനീസുരത്വം
സിദ്ധിയ്ക്കുവാനില്ലവകാശമേതും;
എന്നുള്ളതോർത്താലിതു, ദുഷ്ടവേശ്യാ-
സംഗേനതാ,നെന്നതു തീർച്ചയാക്കാം. 20

ദുസ്സംഗമേററം മലിനം, മഹത്വ-
മൊക്കെക്കളഞ്ഞീട്ടു, മതോർത്തിടേണം
നല്ലാററുവെള്ളം കടലിൽ പതിച്ചാ-
ലെല്ലാം പുളിയ്ക്കാതെ വരുന്നതല്ല. 21

വലഞ്ഞു ധാത്രീസുരനന്നു, വേശ്യാ-
കുലാംഗനാപാലനവേലമൂലം;
എന്നാകിലും തൃപ്തിമനസ്സിനൊട്ടും
വന്നീലതോർത്താലതിലും വിശേഷം. 22

പാരം കഠോരം, ശിവനെ! കുടുംബ-
ഭാരംവഹിപ്പാനെളുതോ.നിനച്ചാൽ;
ആരംഭകാലത്തറികില്ല, ദുഃഖ-
മരംവരുമ്പോളറിയും, പ്രയാസം 23

കഷ്ടം മഹാപാപി വയസ്സാരെൺപ-
ത്തെട്ടോളമാകുന്ന വരെയ്ക്കുമേവം;
മുട്ടാതനേകം ദുരിതങ്ങൾ ചെയ്ത്
പെട്ടെന്നു രോഗാതുരനായി വീണു. 24

ശ്വാസംവലിക്കുന്നു, കരഞ്ഞു ദീർഘ-
ശ്വാസംവിടുന്നു തലതല്ലിടുന്നു;
ബോധംകെടുന്നു, ചിലനേരമല്പം
ബോധംവരുമ്പോളെഴുന്നേററിടുന്നു. 25

നടക്കുവാനായ് തുനിയുന്നനേരം
പിടച്ചുവീണാശു കരഞ്ഞിടുന്നു;
തുടയ്ക്കുതല്ലിപ്പലതും പുലമ്പി-
ട്ടിടക്കിടെയ്ക്കോത്തലറുന്നു പാരം. 26

ഉടഞ്ഞുപോമെന്റെശരീരമെന്നോ-
ർത്തുടൻ കളത്രത്തെ വിളിച്ചു മൂഢൻ;
കടുപ്പ,മപ്പെൺകൊടി കേട്ടതായി-
നടിച്ചുതേയില്ല, കൃതഘ്നയായോൾ. 27

അവൾക്കുവേണ്ടിപ്പല കഷ്ടനഷ്ടം
സഹിച്ചു രക്ഷിച്ചതിലൊന്നുമിപ്പോൾ;
നിനച്ചിടുന്നില്ലിവ,ളീശ്വരാ! സ്ത്രീ-
ജനത്തെയിന്നെങ്ങിനെ വിശ്വസിക്കാം. 28

വിളിച്ചു പിന്നാത്മജരേയു,മെല്ലാ-
മൊളിച്ചുപോയാരവരെത്രദുഷ്ടർ;
കളിപ്പുകാണ്മാൻ ദ്വിജനിപ്പോഴെല്ലോ
തെളിഞ്ഞുനേത്രങ്ങ,ളറിഞ്ഞുകൊൾവാൻ. 29

ഒട്ടും നിനച്ചില്ലിവരിപ്രകാരം-
കാട്ടീടുമെന്നുള്ളതനന്തപാപി;
ഇഷ്ടംനടിക്കുന്നവർ കഷ്ടകാല-
ത്തൊട്ടും സഹായത്തിനടുക്കയില്ല. 30

പാപങ്ങൾ ചെയ്താലവർതന്നെയല്ലാ-
താരുംഫലം താങ്ങുകയില്ലതെല്ലും;
എന്നുള്ളതത്വം പരിപൂർണ്ണമായി-
ത്തന്നെ മനസ്സിൽ ദ്വിജനോർത്തുകാണും. 31

അയ്യോവിറയ്ക്കുന്നു, വിയർത്തിടുന്നു
മെയ്യോപരം, കാണ്മതസഹ്യമത്രേ;
കാസംമുറയ്ക്കുണ്ടു കടുത്തു ചക്ര-
ശ്വാസംവലിച്ചാശു കറങ്ങിടുന്നു. 32

കഷ്ടം! ദുഷ്ടകളത്രപുത്രവലയിൽ പെട്ടോരു ഭൂദേവനീ-
മട്ടിൽ കഷ്ടതവന്നുചേർന്നതവിവേകം കൊണ്ടു തന്നെദൃഢം;
ദുഷ്ടൻചെയ്തൊരു പാപകർമ്മഫലമായ് തന്നെ കിടന്നെത്രയും
കഷ്ടപ്പെട്ടുവലിച്ചിടുന്നു മരണശ്വാസം കഠോരം പരം. 33

പെട്ടെന്നുചെന്നു യമദൂതരടുത്തു പാശ-
മിട്ടുഗളത്തിലതുകണ്ടു ഭയന്നപാരം;
ദുഷ്ടൻ വിലക്കിയളവായവർദണ്ഡെടുത്ത
മട്ടൊന്നു കണ്ടഥ വിറച്ചു ചുളുങ്ങിവിപ്രൻ. 34

എങ്ങെൻ നാരായണാ? നീവരിക ഭയമൊഴി-
ച്ചെന്നെ രക്ഷിച്ചുകൊൾവാ-
നിങ്ങാരും നീയൊഴിഞ്ഞില്ലൊരുവനുമധുനാ,
പോയൊളിച്ചെങ്ങിരിപ്പൂ;
എന്നേവം, ബോധഹീനൻ, മഹിമപരമെഴും
നാമമാണെന്നതേതും-
തന്നെ ബോധിച്ചിടാതങ്ങുടനടി വിളിക്കു-
ട്ടീടിനാൻ പുത്രനേയും. 35

അപ്പോളാവിർഭവിച്ചു പരമപുരുഷസാ-
രൂപ്യസന്മംഗളശ്രീ-
യൊപ്പംചേൎന്നുള്ള യോഗിപ്രവരരതിമുദാ
നാലുപേർ ശോഭയോടും:
ചൊല്ലൊങ്ങും കാലദൂതാവലികളുമവരേ-
കണ്ടു പിൻവാങ്ങി നിന്നാ-
രിപ്പാപിക്കെന്തുമൂലം തുണയിവരരുള്ള-
ന്നെന്നൊരാശ്ചര്യമോടെ. 36

തെല്ലും പേടിക്കൊലാ നീ, സുകൃതികളണിയും
രത്നമേ; പത്നിമൂലം
വല്ലാതുള്ളാധിബാധിച്ചതുമതി, പരിതോ-
ഷിയ്ക്കുയിന്നേവമെല്ലാം;
കല്യാണാത്മാക്കളേററം സ്മിതമൊട്ടമരുൾചെ-
യ്താശു പാശം വിടുത്തീ-
ട്ടെല്ലാരും നോക്കിനിന്നാ,രതുപൊഴുതവനീ-
ദേവനും തോഷമാർന്നു. 37

# സർഗ്ഗം മൂന്നു്

നാരായണപ്രിയനജാമിളനെന്നതേതു-
മോരാതെവന്നിവനെ നിങ്ങൾ വൃഥാവലച്ചു;
ആരാണു ചൊൽവിനവിവേകികളായ നിങ്ങ-
ളാരാകിലെന്തഹിതരായവർ ശിക്ഷണാർഹർ. 1

ഇത്ഥം മുകുന്ദസമരോതിയ ഗീരുകേട്ടി-
ട്ടുൾത്താപമോടുമുടനന്തകകിങ്കരന്മാർ;
ഭക്ത്യാവണങ്ങിയുരചെയ്തു തദാ, കൃതാന്ത-
ദൂത്യം വഹിച്ചവിടെ വന്നൊരുവൃത്തമെല്ലാം. 2

ധർമ്മം വെടിഞ്ഞു ഭുവി ജന്മഫലം കളഞ്ഞ
ദുർമ്മാർഗ്ഗിയാണിവ,നതോർത്തരുളാത്തതെന്തേ;
അമ്മാതിരിക്കിവനെയങ്ങു നയിക്കുവാനായ്
ധർമ്മാജ്ഞയുണ്ടതു മനാദരണീയമാണോ? 3

എന്താണിവണ്ണമരുതെന്നു തടുത്തതയ്യോ
ബന്ധംവിനാ, പരമപൂരുഷരായ നിങ്ങൾ;
ചിന്തിച്ചുഞങ്ങൾ ബഹുമാന്യരതെന്നു പാരം
സ്വാന്തത്തിലിപ്പൊഴതു നിഷ്ഫലമായിതെന്നോ? 4

മുപ്പാരിലും മഹിമചേർന്നമരുന്ന നിങ്ങ-
ളിപ്പാപിയോടനുസരിപ്പതു യോഗ്യമാമോ?
സൽപാത്രദാനമതിന്നേ വിലയുള്ളുവെന്ന-
തിപ്പോൾമറക്കി,ലടിയങ്ങളുമങ്ങുപോകാം. 5

എന്നിത്തരം യമഭടാവലി ചൊന്നതെല്ലാം
നന്ദിച്ചുകെട്ടു മഹനീയ ഗുണാകരന്മാർ;
കുന്ദിച്ചമോദഭരമുള്ളിലുദിക്കമൂലം
മന്ദസ്മിതം പൊഴിയുമാറരുൾചെയ്തിതേവം 6

ധർമ്മജ്ഞനാണു സമവർത്തി, യതേമുറക്കു
ധർമ്മങ്ങളൊക്കെയറിയേണ്ടവരാണു നിങ്ങൾ,
മുല്ലപ്രസൂന ഗണരേണു ധരിച്ചിടുന്ന
കല്ലിന്നുമൊട്ടു മണമേൾപ്പതുകാണ്മതില്ലേ. 7

ചൊല്ലീടുവിൻ കഴിയുമെങ്കിൽ മുറക്കുധർമ്മാ-
ധർമ്മങ്ങളൊക്കെ, വഴിപോലറിയട്ടെ ഞങ്ങൾ;
അല്ലാതെ ധർമ്മഭടരെന്നു ഞെളിഞ്ഞുവന്നാൽ
വല്ലായ്മപാരമുളവാമതിനില്ല തർക്കം. 8

കല്യാണശീല ഗുണശാലികളിപ്രകാരം
ചൊല്ലിച്ചിരിച്ചവരെയൻപൊടു നോക്കിനിന്നു;
അദ്ധ്യാപകന്റെ വചനാമൃതമാസ്വദിപ്പാൻ
ശ്രദ്ധിച്ചു നിൽക്കുമൊരു ശിഷ്യഗണം കണക്കെ. 9

ചൊല്ലാനവർക്കു കുറവെന്തധുനാമുറയ്ക്കു-
ചൊല്ലീടിനാരഖില, മന്തകകിങ്കരന്മാർ;
നല്ലോരു വിസ്തൃതികലന്ന മഹാർണ്ണവത്തിൽ
കല്ലോലജാലമിടതിങ്ങി വരുന്നപോലെ 10

ചിത്തേ ഫലം കരുതിടാതെ വിശുദ്ധിയോടും
കർത്തവ്യമായതഖിലം നലമോടറിഞ്ഞും;
നിഷ്കാമകർമ്മവിധിയൻപിനൊടാചരിക്കും
സത്തുക്കളെത്തൊടുകയില്ലടിയങ്ങളാരും 11

ഇത്ഥംവിധം പരിചിലിന്ദ്രിയ നിഗ്രഹം ചെ-
യ്തേകാഗ്രമായ മനമങ്ങിനെ ശാന്തിയാൎന്നു്
ശോകംവിനാ പരിലസിപ്പവരാണുയോഗ്യ-
രാകുന്നു,തായവരെയും, തൊട്ടുകില്ല ഞങ്ങൾ. 12

ക്രോധം ജനിപ്പതിനു കാരണമങ്ങു കാമ-
മാണെന്നറിഞ്ഞതു വെടിഞ്ഞു മനംതെളിഞ്ഞു്
മോഹം നശിച്ചു നിവസിപ്പവരാകിൽ ഞങ്ങ-
ളാരും തിരിഞ്ഞവരെ നോക്കുകപോലുമില്ല. 13

നിങ്ങൾക്കിതൊക്കെയറിയാമപരൻ പറഞ്ഞി-
ട്ടങ്ങൊന്നുമിന്നറികവേണ്ടവരല്ലയല്ലോ;
ഭംഗിക്കുവേണ്ടിയുരചെയ്തതു മൂലമെല്ലാ-
മിങ്ങോതിടാമറിവുപോലടിയങ്ങളിപ്പോൾ. 14

വേദത്തിലുള്ള വിധിധൎമ്മ, മതേമുറക്കു
ശാസ്ത്രത്തിലും പറയുമുത്തമധൎമ്മമാൎഗ്ഗം;
കൎമ്മങ്ങളൊക്കെയതുപോലെ നടത്തുകത്രെ
ധൎമ്മങ്ങളെന്നുപറയുന്നു, നയജ്ഞലോകം. 15

അല്ലാത്തതൊക്കെ നിരൂപിക്കിലധൎമ്മമെന്നു
ചൊല്ലുന്നു വേദ ,മതു ഞങ്ങളറിഞ്ഞിടുന്നു;
കല്യാണമാൎഗ്ഗമറിയാതെ നടക്കിലയ്യോ
വല്ലായ്മചേൎക്കു മടിയങ്ങളവൎക്കപാരം. 16

ധൎമ്മങ്ങളൊക്കെ വഴിപോലെയറിഞ്ഞു നിത്യ-
കൎമ്മങ്ങളങ്ങിനെ ശരിക്കു വഹിച്ചു മേന്മേൽ;
സമ്മോദമാൎന്നു വിലസുന്ന ജനങ്ങളൊക്കെ
ചെമ്മെ സുഖത്തോടമരുന്നു സുരാലയത്തിൽ. 17

ദുർമ്മാർഗ്ഗികൾക്കു നരകങ്ങൾ വിധിച്ചുഞങ്ങൾ
കർമ്മത്തിനൊത്ത ദുരിതാനുഭവങ്ങൾ നൽകും;
സന്മാന്യരായ് പരിലസിപ്പൊരു നിങ്ങളെല്ലാ-
മമ്മാർഗ്ഗമൊക്കെ യറിവുള്ളവരായിരിക്കാം. 18

വിപ്രാന്വയേ ജനനമെന്നതശേഷമോർക്കാ-
തിപ്പാപി ദുഷ്ടകല തന്വിയുമൊത്തുപാരം;
പില്പാടുചെയ്ത ദുരിതങ്ങൾ നിനച്ചു ചൊൽവാ-
നിപ്പാരിലാർക്കുമെളുതായിവരുന്നതല്ല. 19

പെട്ടെന്നു കൊണ്ടുവരികെന്നുടനാജ്ഞധർമ്മ-
രാട്ടേകി, ഞങ്ങളതിനാലിവിടേയ്ക്കുവന്നു,
ദുഷ്ടന്നുനിങ്ങൾ തുണയായിവരാൻ നിനച്ചു
മട്ടെന്തുകഷ്ട, മതിസാഹസമല്ലയല്ലി. 20

മിത്രാത്മജാനുചരരേവമുരച്ചതെല്ലാം
ദൈത്യാരിദൂതരഴകോടുമറിഞ്ഞശേഷം;
ചിത്തം കുളിർത്തു പുതുപുഞ്ചിരിപൂണ്ടു മന്ദ-
മിത്ഥംപറഞ്ഞു, കരുണാവരുണാലയന്മാർ. 21

കൊള്ളാം, പറഞ്ഞതഖിലം പരമാർത്ഥമെന്നാ-
ലുള്ളിൽ കനത്തമദമാർക്കുമയോഗ്യമത്രേ;
തെല്ലും വിവേകമകമേ കലരാതെ പോയെ-
ന്നല്ലാതെയെന്ത ഹ! ഹ! നിങ്ങളൊടോതിടേണ്ടു. 22

പാരിച്ച ദുഷ്ടനിവനെന്നു കണക്കുവച്ചു
പോരായ്മ ധർമ്മനൃപതിക്കു കണക്കിനേറവു;
പോരെ പറഞ്ഞതു,തിനി നിങ്ങളവന്റെ ഭൃത്യ-
ന്മാരായിരിക്കെയടവെന്തു പിഴച്ചുകൂടാ. 23

എന്നാലിനിപ്പറയുവാൻ തുനിയുന്നു കാര്യ-
മിന്നാരുമില്ലിവനൊടൊത്തൊരു ധന്യനോർത്താൽ
ഒന്നാന്തരം സുകൃതിയാണിവ,നെന്തതെന്നാൽ
ചൊന്നീടുവൻ ചെവിതുറന്നതു കേട്ടുകൊൾവിൻ. 24

നാരായണന്റെ തിരുനാമ,മവൻ മകന്നു
പേരിട്ടപുണ്യമറിയാഞ്ഞതബദ്ധമല്ലേ;
പാരിച്ച പാപഗണമോടിയൊളിച്ചു നിത്യം
പേരോതുവാനവനു സംഗതി വന്നമൂലം. 25

പുണ്യാവശേഷമണുമാത്രമിരിപ്പു വിപ്ര-
നുണ്ടായിരുന്നതുവശാലകതാരിലേറ്റം;
വാത്സല്യമത്തനയനിൽ പെരുകിസ്സദാപി
വർദ്ധിച്ചുവന്നു പുരുഭക്തി മകന്റെപേരിൽ. 26

പാപത്തിനൊത്തപരിഹാരമറിഞ്ഞു കൃച്ഛ്ര-
ചാന്ദ്രായണാദിപലതും വിധിയുണ്ടതെല്ലാം;
പാപങ്ങളൊക്കെയകലെക്കളവാൻ വിശേഷ-
മാണെങ്കിലും പെരിയവാസന മാറുകില്ല. 27

അരാകിലെ,ന്തൊരു വിവേകവിചാരഹീനം
നാമം ജപിക്കിലഘവാസന തീർന്നു പോകും;
രോഗത്തിനൊത്തൊരു മരുന്നറിയാതെ, രോഗി
സേവിക്കിലും ഗദശമംവരുമെന്നപോലെ. 28

കേട്ടാലു,മേതുമറിവും കലരാതെ, നാമം
മുട്ടാതെ ചൊൽകി,ലതുപോരുമഘം ദഹിപ്പാൻ;
കത്തേണമെന്നു ലവലേശവിചാരമില്ലാ-
തിട്ടാലുമിന്ധന,മെരിഞ്ഞിടുമാശുതീയിൽ. 29

പോരെങ്കിലോ മരണകാലമടുത്തപോത-
ങ്ങോരാതെയാട്ടെ; മകനേ നിരുപിച്ചുമാട്ടേ;
നാരായണേതിമുറയിട്ടതുകൊണ്ടു, പാപം
വേരററു പോയതറിയാഞ്ഞതഹോ വിചിത്രം. 30

നാരായണന്റെ തിരുനാമമനേകമുണ്ട-
ങ്ങോരോന്നിനുള്ള ഫലവും തിരിവാൻ പ്രയാസം;
മാരാരിപോലുമറിയാതെ മുറയ്ക്കുനിത്യ-
മാരാഞ്ഞിടുന്ന തിരുനാമജപങ്ങളോടും. 31

ആരാകിലെന്തു, തിരുനാമമുരച്ചുവെങ്കിൽ
പാരിച്ച പാപഗണമോടു, മതോവിശേഷാൽ;
പാരാതവന്റെ ജഢവും പരിശുദ്ധമായി-
ത്തീരും, വികല്പമതിനില്ലതറിഞ്ഞുകൂടേ. 32

നാലക്ഷരം മഹിതമായൊരു പേരിലുണ്ട-
താലോചനാവിഷയമായി വരുന്നവർക്ക്;
കാണാമതിന്റെ നിലയും വിലയും; പെരുത്ത-
താണെന്നുനിങ്ങളതുമെന്തു നിനച്ചിടാത്തു. 33

മാനം നടിച്ചുപലരും പലപുണ്യതീർത്ഥ-
സ്നാനത്തിനെന്തിനു പലേടമലഞ്ഞിടുന്നു;
മൌനം ധരിച്ചു പുതുവേഷമണിഞ്ഞു നിത്യം
ധ്യാനം വഹിച്ചുചിലരെന്തിനിരുന്നിടുന്നു. 34

തോഷിച്ചനേകതരമിഷ്ടികളെന്തിനായി
ഘോഷിച്ചിടുന്നു മനുജാവലി, ശേഷിപോലെ;
പോഷിച്ചിടും വിബുധ,രെന്നഫലം ക്രമത്തിൽ
ശേഷിച്ചിടും, ഫലിതമല്ല പറഞ്ഞതേതും. 35

വേദങ്ങളൊക്കെയുരുവിട്ടു പഠിച്ചു, പാരം
വേദജ്ഞനെന്നു തെളിയുന്നതിലൊന്നു സാരം;
ശോകങ്ങളൊക്കെയകലാൻ തിരുനാമമെന്ന
കൈകണ്ടതായ പരമൌഷധമൊന്നുപോരും. 36

സർവ്വജ്ഞനെന്നു വിരുതുള്ളൊരു ധർമ്മരാജാ-
സർവ്വം ഗ്രഹിക്കു,മവിടുന്നരുളുന്നപോലെ,
ഗർവംവെടിഞ്ഞു സകലം നിറവേററുകെന്നാൽ
സർവ്വൈകസമ്മതമതായ് വരുമില്ലവാദം. 37

ഖണ്ഡിച്ചു ഞങ്ങൾ പറയാമകതാരഴിഞ്ഞു-
ള്ളുണ്ണം വിളിച്ചു തിരുനാമമതോർത്തിടുമ്പോൾ:
ദണ്ഡത്തിനിന്നിവനയോഗ്യനിവണ്ണമെല്ലാ-
മെണ്ണിപറഞ്ഞിടുക നിങ്ങളിലസ്തുഭദ്രം. 38

പോകുന്നതിന്നവരനുജ്ഞകൊടുത്തനേരം
ശോകം വിനാ വിനയമൊടുവണങ്ങിവേഗം,
പോയീടിനാരിതിനു മുമ്പവർ കണ്ടിടാത്ത-
തായുള്ളൊരീ വിവരമങ്ങറിയിപ്പതിന്നായ്. 39

വൃത്താന്തം പുത്തനത്രേ പറയണമിതു ഞാൻ
മുമ്പു ഞാൻ മുമ്പുപോയ്ചെ-
ന്നെത്തീട്ടെന്നോർത്തു മിത്രാത്മജഭടരധികം
വേഗമായ് പാഞ്ഞുപോയീ;
കത്തിക്കത്തിപ്പടന്നങ്ങടവിയിലെരിയും
പാവകജ്വാലയെല്ലാ-
മത്യന്തം മേൽക്കുമേലായഴകിനൊടുയരും
മട്ടിലായ് വാട്ടമെന്ന്യേ. 40

---

# സർഗ്ഗം നാല്

പിതൃപതിയൊടുചെന്നങ്ങെത്രയും താഴ്മയായി-
ട്ടതിരയമറിയിച്ചു കിങ്കരന്മാരുദന്തം;
മതിമതി ഭഗവാനേ! വൻപനാം തമ്പുരാനേ
പദവിയുമഴകും പോയസ്തമിച്ചു സമസ്തം. 1

കഥയതു പറയുമ്പോളേററവും വിസ്മയിയ്ക്കും
മതിയതിലതിമാത്രം ചിത്രമാണോർത്തുകണ്ടാൽ;
പതിവിനു വിപരീതം കല്പനയ്ക്കും വികല്പം
ചതിവുകളിതിലെന്തോ വേണ്ടതുണ്ടായിരിക്കാം. 2

തിരുവടിയരുളിച്ചെയ്തപ്പൊഴേ, പാദദാസ-
പ്പരിഷകളിവരോടി ബ് ഭൂതലേ ചെന്നണഞ്ഞു;
പെരുകിയൊരഘൌഘമാല്യം ദുഷ്ടനെക്കൊണ്ടുപോരാൻ
കരുതിയപൊഴുതാരോ നാലുപേർ വന്നുചേർന്നു. 3

വിളുതയിലവരത്യുൽകൃഷ്ടരംഭോജനാഭോ-
പമര,ഴകൊഴുകീടും സുന്ദരാകാരമാർന്നോർ;
അരുതരുതിവനേററം പുണ്യവാനാകയാലി-
ക്കരുമനഗുണമല്ലെന്നോതി വേഗം തടുത്താർ. 4

അതിനവരരുളീടും കാര്യമെന്തെന്നു കേട്ടാ-
ലഖിലഭുവനരക്ഷാനാഥനാം വാസുദേവൻ;
തിരുവടിയുടെ നാമം ചൊല്ലുവാനന്ത്യകാല-
ത്തവനുടനിടവന്നെന്നുള്ളതാണു,ള്ളതാവാം. 5

ഇതു ബഹുപരിതാപം, ഞങ്ങളോനാണവും,കെ-
ട്ടവരുടെ ചരണാഗ്രേ വീണുകമ്പിട്ടുനിന്നു;
ഇനിയിവരുലകെല്ലാം സഞ്ചരിക്കുന്നതായാ-
ലരുതരുതടിയങ്ങൾക്കാജ്ഞ കേട്ടാശു പോകാൻ. 6

ഒരുവകതിരിവില്ലേ ധമ്മരാട്ടിന്നുമെന്നാ-
ലതുമിവരറിയേണ്ടും കാൎയ്യമാണല്ലയെങ്കിൽ;
പറയുവിനിഹ, ധമ്മാധമ്മമാർഗ്ഗങ്ങളെ,ന്നാ-
യവരുടനരുൾചെയ്തു, ഞങ്ങളും ചൊല്ലിയെല്ലാം. 7

അഖിലവുമവിടെപ്പോയ് ചൊല്ലുവിൻ ധമ്മരാജാ-
വറിയുമിവരെയാരെന്നുള്ളതും നേരുപോലെ;
കുറവുകളിനിയില്ലാതോൎത്തു കല്പിക്കുവോണം
നടപടികൾ നടത്തിപ്പോരുവിൻ നിങ്ങളെല്ലാം. 8

കരുണയൊടവരേവം ചൊല്ലിമന്ദസ്മിതം പൂ-
ണ്ടനുമതിയരുളിക്കൊണ്ടങ്ങു നിന്നോരു നേരം;
അടിതൊഴുതിടരോടും പോന്നുവന്നാനിതാ, നി-
ന്തിരുവടിയടിയങ്ങൾക്കാശ്രയം, തമ്പുരാനെ. 9

ഭടജനമതിഖേദം പൂണ്ടുണൎത്തിച്ചതക്കാ-
ത്മജനറിവിയലുന്നോൻ പേൎത്തുകണ്ടോൎത്തിവണ്ണം;
അറിവുടയവരാണെന്നാകിലും വന്നു ചേരാ-
മപകടമതു, നേരാണെന്നു ഞാനിന്നറിഞ്ഞു. 10

ഒരുപൊഴുതുടനേകീമുക്തിഖട്വാംഗ,നോൎത്താ-
ലുരുപാപവശനിൎദ്രൃദ്ധ്യുമ്നനും നൽകിമോക്ഷം;
മറിവുകളറിയുന്നോരാരു്, വിശേഷശപരാ! നി-
ന്മഹിമകളതിമാത്രം കാണ്മതും കേൾപ്പതും നീ. 11

ഇനിയമറകളെല്ലാം കട്ട ദുഷ്ടൻ ഹയഗ്രീ-
വനെയറുതി വരുത്തിസ്സർവവേദങ്ങളേയും
കനിവിനൊടഥ വീണ്ടാ നാന്മുഖന്നേകുവാനായ്-
പരമപുരുഷനാദ്യം മത്സ്യരൂപം ധരിച്ചു 12

നലമെഴുമമൃതിന്നായബ്ധിയിൽ മന്ദരാഖ്യാ-
ചല,മൊരു കടകോലായിട്ടു ദേവാസുരൗഘം;
ബലമൊടു കടയുമ്പോളം താണുപോയോരുമത്താം
കുലഗിരിയെയുയർത്താ,നാമയായാദിനാഥൻ. 13

കരബലമതുലം ചേർന്നാ ഹിരണ്യാക്ഷവീരൻ
ധരണിയെയടിമാന്തിത്തള്ളിനാനണ്ണവത്തിൽ,
വരബലമുടയോനെ നിഗ്രഹിച്ചു,ഗ്രതാപം
കളവതിനൊരുപന്നിക്കുറ്റനായ്ത്തീർന്നുദേവൻ. 14

മനമതിലവികല്പം ഭക്തനായുള്ള പ്രഹ്ലാ-
ദനെയുടനവനം ചെയ്യേണ്ടതായ് വന്നമൂലം,
ഭയദമൊരു പെരുന്തൂണാശു പൊട്ടിപ്പുറപ്പെ-
ട്ടൊരു നരഹരിരൂപം സ്വീകരിച്ചു ദയാത്മാ. 15

ബലിയൊടുവിഭു, ലോകം മൂന്നുമൻപോടടക്കി-
ട്ടലിവൊടു വിബുധന്മാർക്കേകുവാനാത്തമോദം;
അദിതിതനയനായിട്ടത്ഭുതാകാരനാം വാ-
മനവടിവുടനാർന്നു ലോകസംരക്ഷണാർത്ഥം. 16

അവനിയിലുളവായീ ഭൂപരാം ക്ഷത്രിയന്മാ-
രവരതിമദമുൾക്കൊണ്ടാർത്തിചേർത്തു ജഗത്തിൽ;
അവരുടെയറുതിക്കായ്, ധർമ്മസംരക്ഷകൻ, ഭാ-
ർഗ്ഗവകുലമതിലന്നാൾ രാമനായിപ്പിറന്നു. 17

കരബലമതുപാരം, ഭീതിചേരാത്തവണ്ണം
വരബലമിവമൂലം രാവണൻ ഘോരഘോരം,
കരുമനപലമട്ടിൽ ചേക്കയാൽ ദുഷ്ടനെക്കൊൽ-
വതിനുടനമലൻ, ശ്രീരാമനായുത്ഭവിച്ചു. 18

ഭയരഹിതരനേകം ദുഷ്ട,രത്യന്തശിഷ്ട-
ക്ഷതിവിവശതചേൎത്തമട്ടുകണ്ടമ്പുജനാഭൻ;
കളിപലതിഹകാട്ടാനോത്തുകൊണ്ടാദിശേഷാം-
ശജബലബലഭദ്രാഭിഖ്യനായ് ജാതനായി. 19

കലകളഖിലമാൎന്നും, ദേവകീ പുത്രനായും,
ബലനുടെ സഹജത്വം പൂണ്ടമാനന്ദപൂർവം
ഉരുതരഗുരുകാൎയ്യം നിർവഹിപ്പാനുടൻ, ശ്രീ-
പതിയുമവതരിച്ചു, കൃഷ്ണനായ് വൃഷ്ണിവംശേ. 20

കലിയുടെ ഗതിമൂലം പാരിടം ഘോരതാപാ-
കലിതമതു സഹിപ്പാനാവതില്ലാതൊരിക്കൽ,
കുറവുകളഖിലം തീൎത്തൊത്തു രക്ഷിച്ചുകൊൾവാ-
നൊടുവിലവതരിയ്ക്കും കല്ക്കിയായ് വിശ്വനാഥൻ. 21

ജയ ജയ നരകാരേ! പത്മനാഭാ! മുകുന്ദാ!
ത്വമനമറിയുന്നോരാരുമില്ലി ത്രിലോകേ;
പരമുരുദയവേണം ദാസനാമെന്നിലെന്നാ-
ലടിയനുപിഴതെല്ലാംവന്നു കൂടുന്നതല്ല. 22

നിഖിലഭുവനനാഥൻ വിഷ്ണുദേവൻ വിരിഞ്ചാ-
ദ്യമരവരനിഷേവ്യൻ പൂൎണ്ണകാരുണ്യരാശി,
സകലനിയമകൎത്താവെന്നു കല്പിച്ചുവെന്നാ-
ലതിനുപരിനമുക്കിന്നെന്തു കൎത്തൃത്വമുള്ളു. 23

തിരുവടിയുടെ ദൂതന്മാരഹോ നാലുപേർവ-
ന്നവരതിനധികാരം വേണ്ടപോലുണ്ടവർക്കും;
കരുതുകിലപരാധം ചെയ്തു നാമെന്തുചെയ്യാ-
മൊരുപിഴയിനിയുണ്ടാകാതെ ഞാനോർത്തുകൊള്ളാം.
[24]

ഇതിലൊരുകുറവുണ്ടെന്നോർത്തു ഖേദിക്കൊലാ, ശ്രീ-
പതിയുടെ കൃപകൊണ്ടാണൊക്കെനാം നിർവ്വഹിപ്പൂ;
ചരണകമലദാസന്മാർക്കു നാം ദാസരാണെ-
ന്നറിവൊടുമിനിമേലാലോർത്തു കൃത്യങ്ങൾ ചെയ്വിൻ;
[25]

സൃഷ്ടിയ്ക്കുന്നതു മാത്രമോ സ്ഥിതിലയങ്ങൾക്കും
പരം ഹേതുവായ്-
ത്തന്നേ നിന്നുമഹേതുവാ,യ്യു മൊളിവായ്
ജാഗ്രത്തിലും നിത്യമായ്
സ്വപ്നാവസ്ഥ, സുഷുപ്തിയെന്നിവയിലും
ചൈതന്യമായ് ജീവനായ്-
വർത്തിച്ചിന്ദ്രിയഗോചരങ്ങളുളവാക്കീട്ടു-
ന്നതും ബ്രഹ്മമാം. 26

ചൊല്ലേറും ത്രിഗുണങ്ങളിൽ സതതസമ്പൂർണ്ണം
മഹാ സൂത്രമാ-
യെല്ലാത്തത്ത്വവുമേകമാ,യതുസദാ താനായ്-
നിറഞ്ഞത്രയും;
ചൈതന്യാത്മകരൂപമായ് വിവിധമാ-
യ്ക്കാണുന്നതിന്നൊക്കെയും
മൂലസ്ഥാനമഹത്ത്വമാൻ വിലസും പ്രേമാ
മൃതം ബ്രഹ്മമാം. 27

സത്തെന്നെന്തിനുരച്ചിടുന്നപരമായുള്ളോ-
രസത്തും കവി-
ഞ്ഞത്രേ നിത്യ പരമ്പദപ്പൊരുളൊളി-
ഞ്ഞെങ്ങും ലസിക്കുന്നുപോൽ
സത്യം സൽഗ്ഗുണ നിർഗ്ഗുണദ്വയമതാണെന്നാ-
കിലാമല്ലയെ-
ന്നോർത്താ,ലായതുരണ്ടുമല്ല പരമെന്തെ-
ന്നാലതോ ബ്രഹ്മമാം. 28

സത്താണുത്തമ വസ്തുവാ, ണതു, പരം
ചിത്താണതവ്യക്തമായ്-
വർത്തി,ച്ചായതു വ്യക്തമായഥ മഹ-
ത്തത്വം വിജൃംഭിച്ചുടൻ
സത്വം രാജസതാമസം വരഗുണം-
മൂന്നും പ്രകാശിച്ചുവ-
ന്നത്യന്താത്ഭുതപഞ്ചഭൂതവിഭവം
സംജാതമായീജവം. 29

തത്വം വാസ്തവമൊന്നുതാനതു മഹാ
ഭൂതങ്ങളായ് തീർന്നപോ-
തത്യാശ്ചര്യമനേകതത്വമതിൽ നിന്നു-
ണ്ടായി വർദ്ധിക്കയാൽ,
ചിത്രം, കാരണ സൂക്ഷ്മദേഹമപരം-
സ്ഥൂലം പ്രപഞ്ചാമയം
വർത്തിക്കുന്നിതു കാലദേശ ഗണനാ
ഭാവം വികാരോത്ഭവം. 30

എല്ലാമോർക്കിലിപ്രപഞ്ചമഖിലം
മായാവിലാസം, നമ്മ-
ക്കില്ലേതുംഫല,മാത്മബോധമുളവായ്-
വന്നാലതാണൊക്കെയും
കല്ലോലം, നുരയെന്നിതൊക്കെ വെറുതേ
നാമം വഹിയ്ക്കുന്നത-
ങ്ങല്ലാതില്ല ജലത്തിനൊന്നു, മതുപോ-
ലാ,ണീപ്രപഞ്ചോത്ഭവം 31

സ്ഥൂലാകാരമഴിച്ചു പാർക്കിലഖിലം സൂക്ഷ്മ-
ത്തിലാം പിന്നെയും
സൂക്ഷ്മാവസ്ഥിതി മാറിമാറിയൊളിവാ-
മോങ്കാരനാദത്തിലാം
നാദംവിട്ടുലയത്തിലായി വരുമെ-
ന്നാകിൽ പരം ശ്രേഷ്ഠമാം
സ്ഥാനം താനതു, താനൊഴിഞ്ഞപരമായ്-
ക്കാണില്ലയാതൊന്നുമേ. 32

അജ്ഞാനോത്ഭവമായിടുന്നകരണം-
കർമ്മത്തിനോ കാരണം
അകർമ്മംതനുവാൻവെന്ന പരമാ-
ർത്ഥത്തെ ഗ്രഹിച്ചെത്രയും;
വിജ്ഞാനാന്വിത,മാത്മചിന്ത നിയതം
ശീലിയ്ക്കിലാർക്കും പര-
ബ്രഹ്മാനന്ദലയാപ്തിയാർന്നിഖിലം
താൻതന്നെയായ്ക്കണ്ടിടാം. 33

ദേഹംതേ-രതിന്നില്ല ചേഷ്ടയതുമു-
ണ്ടായീട്ടുവാനെത്രയും-
പായും മാനസമായിടുന്നതുരഗം പൂട്ടീട്ടു
നോട്ടത്തൊടും;
കർമ്മം സാരഥിയായിനിന്നതു നയി-
ച്ചീടുന്നലാക്കിന്നുതാൻ
പോകും നിഷ്ക്രിയനായ ജീവ,നമിതാ-
ശ്ചര്യം പരം നിശ്ചയം. 34

വിജ്ഞാനാഗ്നിജ്വലിച്ചുയൎന്നപ്രഭയിൽ
കർമ്മംമനസ്സെന്നു ര-
ണ്ടജ്ഞാനങ്ങൾ ദഹിച്ചുദേഹമഖിലം
സന്തപ്തമാകും വിധൗ;
ചിത്താനന്ദമിയന്നു ജീവപരയോ-
രൈക്യം വരുംശാശ്വതാ-
നന്ദംതാ,നതുതന്നെ മുക്തി,പരമാ-
ചാൎയ്യോപദേശോദയം. 35

ആത്മാവോടു നിരന്തരം മഹിതമാം-
ദേഹേന്ദ്രിയപ്രാണനു-
ള്ളാത്മാനിഷ്ടബഹുത്വബന്ധമതുതാൻ
സംസാരമാകുന്നതും;
ആത്മാവാകിയ ചിൽപ്രകാശമധുനാ
മാഹാത്മ്യമേറും മനോ-
വൃത്ത്യാചേൎന്നലയിച്ചിലപ്പൊഴതിലാം
സംസാരമോക്ഷം നൃണാം. 36

അത്യാശ്ചര്യ്യമനന്തമായതുവിധം
യാതൊന്നതില്ലാത്തതെ-
ന്നാത്യത്ഥം പരിവ്യക്തമാക്കിവിഹരി
ച്ചീടുന്നു മായാമയം;
ചിത്സാരാത്മികയായ ദേവി പരമാ-
നന്ദംപരംമുക്തരിൽ
ചേക്കും ബന്ധവിമോഹിതക്ക് വിഷയാ-
നന്ദം കൊടുക്കും ധ്രുവം. 37

ഒന്നേശക്തിനിവത്തരായവർ ഭജി-
ച്ചീടുന്നു മുക്തിയ്ക്കുമ-
ററന്യന്മാരൊരുക്കൂട്ടരാകിയ പ്രവത്ത-
ന്മാരുമത്ത്യാദരം;
നന്നായങ്ങു ഭജിച്ചിടുന്നു നിയതം-
ഭുക്തിയ്ക്കും മസ്സുക്തിയേ-
ത്തന്നെ നിൻകളിയത്ഭുതം പരമ-
കൈവല്യപ്രദേ! മായികേ! 38

നിത്യം ദേഹ, മനസ്സു, വാക്കിവകളാൽ
സർവം മഹാവിഷ്ണുവി-
ന്നർപ്പിച്ചീശ്വരനെന്നു സൽഗുരുവിനെ
ചിന്തിച്ചു ചിന്തിച്ചലം
ചിത്തം പാരമലിഞ്ഞലിഞ്ഞു കരയും
ഭക്തന്നതേ സൽഗുണം
തന്നേ നിർഗ്ഗുണമായി
നന്ദാപ്തിയുണ്ടായ 39

MUL
165492
165492
394 2.0

കല്പിച്ചുള്ളൊരു ശാസ്ത്രമാൎഗ്ഗമണ്ണവും
        തെററാതെ സന്തുഷ്ടിയോ
ടെപ്പോഴും ഭയഭക്തിയാൎന്നു നിയതം
        ദുർവാസനാശൂന്യനായ്
ചൊല്പൊങ്ങും ഗുരുസേവമൂലമുളവാം
        ജ്ഞാനോദയം കൊണ്ടുതാ-
നിപ്പൊഴ്മായവെടിഞ്ഞു സ്വാത്മനിലയിൽ-
        ച്ചെന്നാകിൽ നിൎവ്വാണമാം. 40

പിതൃപതി നിജഭൃത്യന്മാരൊടിത്തത്വമെല്ലാ-
മരുളിയവരെ നന്നായാശ്വസിപ്പിച്ചയച്ചു
പരമപുരുഷപാദാംഭോരുഹധ്യാനനിഷ്ഠാ-
പരനരമനതന്നിൽ ഭക്തിപൂർവം വസിച്ചു. 41

## സർഗ്ഗം അഞ്ച്

എന്താണിക്കണ്ടതത്യത്ഭുതമുടനവളവാ-
മിന്ദ്രജാലപ്പകിട്ടോ
ബന്ധിച്ചെന്നുള്ളതും ഹാ! കഠിനമൊരുപെരും
സ്വപ്നമോ മായതാനോ
ബന്ധിപ്പാൻ വന്നതാരോ? മഹിമകളറിവാൻ
സാദ്ധ്യമ,ല്ലേവമെല്ലാം
ചിന്തിച്ചുംകൊണ്ടുപാരം വിനയമൊടെഴുന്നേ-
ററീടിനാന്തുഴിദേവൻ. 1

വന്ദിച്ചാനന്ദപൂർവം പെരുകിയഭയവും
ഭക്തിയും സക്തിയും ചേ-
ന്നൊന്നിച്ചുണ്ടാകമൂലം നയനജലമൊലി-
പ്പിച്ചു ധാത്രീസുരേന്ദ്രൻ
മുന്നിൽകാണുന്നതേജോനിധികളൊടിനി ഞാ-
നെന്തുവേണ്ടൂ ഭവാന്മാ-
രിന്നോതീടേണമെന്നാലടിയനു ഗതിയു
ണ്ടെന്നു ചൊന്നാനമന്ദം; 2

അത്രയ്ക്കായില്ല കാണാമിനിയുമവശ്യമാ
വന്നുകൊള്ളട്ടെയിപ്പോ-
ളിത്രയ്ക്കേയുള്ളുകാര്യം, ശുഭ, മിനിയിവരും
പോകയാണെന്നു ചൊല്ലി;
ദൈത്യാരിയ്ക്കൻപുചേരും പരമപുരുഷരോ
മന്ദമന്ദംമറഞ്ഞാ
രത്യത്ഭാഭാവിലാസാഞ്ചിതരവികിരണ
ശ്രേണിയോടൊപ്പമപ്പോൾ! 3

കഷ്ടം! ഞാനെന്തുചെയ്‌വൂ യമഭടവലയിൽ
　　പെട്ടു വല്ലാതെപാരം
കഷ്ടപ്പെട്ടമ്പരക്കുന്നളവിലിവനില-
　　ങ്ങെത്രയും പ്രീതിപൂർവ്വം;
പുഷ്ടശ്രീയാർന്ന പുണ്യാംബുധികളരികിൽ വ-
　　ന്നാശു രക്ഷിച്ചതോർത്താ-
ലിഷ്ടക്കേടില്ല, പിന്നെന്തഗതിയെ
　　വെടിവാൻ കാരണം ദീനബന്ധോ? 4

ദുഷ്ടൻ ഞാനെങ്കിലും ഹാ! തനയനനിഖിലാ
　　വിഷ്ടമായേററവും, വൈ-
ശിഷ്ട്യം ചേർന്നുള്ള നാമംപരിചിനൊ
　　ടിട്ടുവാൻ ഹേതുവായ്‌വന്നമൂലം
ശിഷ്ടൻതാനെന്നു കല്പിച്ചമൃതമഴപൊഴി-
　　ച്ചെങ്കിലും മാനസേ, സം-
തുഷ്ടിക്കിന്നർഹനല്ലാതലയുവതിനിയും
　　ബന്ധമില്ലാത്തതല്ലേ. 5

ദുഷ്കർമ്മംചെയ്തുപോയീ,പലതഹമമിതം
　　ദൈവമേ! നീ പൊറുത്തി-
ട്ടിക്കാലം മാപ്പുതന്നു; ഗതിയിനിയിവനെ
　　ന്തായതെന്നോതിടാഞ്ഞു;
തല്ക്കാലം വേണ്ടരക്ഷയ്ക്കതിനു മഹിമയുണ്ടാ-
　　യിരുന്നായിരിക്കാം
പിൽക്കാലം വേണ്ടതെല്ലാമിവനുടെ കടമ-
　　യ്ക്കായിവിട്ടെന്നുമാവാം. 6

ആകട്ടേ നിൻെറ മായാവികൃതികളമിതം
ഞാനറിഞ്ഞെങ്കിലിന്നീ-
ശോകത്തീകത്തിനീവുന്നതിന്നിടവരി-
കില്ലായിരുന്നു മുരാരേ!
പോകട്ടേ കണ്ടുഞാൻ നിന്മഹിമ്കക-
ളിതിനെ പിൻതുടൎന്നാചരിച്ചി-
ന്നാകപ്പെട്ടുള്ള ദോഷംകളവതിന്നിടയാ-
ക്കീട്ടുവാൻ വേലചെയ്യാം. 7

വ്യൎത്ഥംതാനൎത്ഥപുത്രാദ്യഖിലവു,മധുനാ
സത്യമായ് നിത്യമാകും
സത്തായിട്ടുള്ളതേതെന്നറിവതിന്നിടയായ്-
വന്നതും ഭാഗ്യമത്രേ;
ഇത്ഥം ചിന്തിച്ചു പൃത്ഥ്വീസുരവരനു-
ധികം പ്രീതനായ് ഭക്തിപൂൎവ്വം
ചിത്തത്തിൽചേൎത്തു വിശ്വംഭരമഹിതതമം
വിശ്രുതം വിശ്വരൂപം. 8

സൎവ്വം സൎവ്വേശ്വരങ്കൽ പരിചിനൊടു സമ-
ൎപ്പിച്ചു നിഷ്കാമനായി-
ട്ടവ്യാജാനന്ദശശ്വൽ പരമപദമക-
ക്കാമ്പിലാശിച്ചുനിത്യം;
ദിവ്യശ്രീയൊത്തുചേരും മുനിജനവടിവാ-
ന്നെൻെറയും ശുദ്ധിപൂൎവ്വം
ഗൎവ്വെന്യേ ചെന്നിരുന്നാനുടജമതില്പുടൻ
മംഗളാത്മാദ്വിജേന്ദ്രൻ. 9

ധ്യാനിച്ചാനന്ദധാമം, ജഗദുദയപരബ്രഹ്മ
സച്ചിന്മയം, സ-
ൎവ്വാധാരം, ദിവ്യതേജോമയ,മഖിലജഗ-
ദ്വ്യാപ്ത,മംഭോജനാഭം;
ത്രൈലോക്യാധീശ്വരം, സന്മഹിതഗുണ
ഗണാകാര,മാത്മാഭിരാമം
ചേതോമാലിന്യഭാരാപഹ,മകമലരിൽ
ചേൎത്തുവിപ്രൻ ഭജിച്ചു. 10

കണ്ടാൻസൌവൎണ്ണരത്നാവലിമകുട,മിളൽ
കുണ്ഡലാൎക്കാംശുജാലം
കൊണ്ടേററം പ്രോജ്ജ്വലിക്കും മുഖകമല
മതിശ്യാമളം കോമളാഭം;
മണ്ടീടും കൌസ്തുഭശ്രീ,യപരമഹിമയാലെ
ന്നവൎണ്ണ്യം വിളങ്ങി-
ക്കൊണ്ടശ്ശ്രീവത്സവക്ഷസ്ഥലമനഘതരം
മോഹനം പാവനാംഗം 11

പുഷ്ടശ്രീചാരുദിവ്യായുധപരിലസിതം നാലു തൃ-
ക്കൈക,ളത്യുൽ-
കൃഷ്ടം, പൊൻകാഞ്ചി, മഞ്ഞത്തുകിലഖിലജഗ-
ച്ഛോഭിയാംനാഭിപത്മം;
ചട്ടററീടുന്ന കാൎകൊണ്ടലിനുടെ നിറമാംമേനി,
ഹാ! നൂപുരം കൊ-
ണ്ടൊട്ടേറെക്കാന്തിപൂരം ചൊരിയുമരിയ
നേത്രാമൃതം പാദയുഗ്മം. 12

ഹാ! ഹാ! ദിക്പാലകാദ്യാമരനികരമൊരേടത്തു-
മറേറപ്പുറത്തോ
ഹാ! ഹാ! രുദ്രാക്ഷമാലാ ജടകളിയലു-
മുൽകൃഷ്ടദേവർഷിവൃന്ദം
ഹാ! ഹാ! കാണുന്നനന്നായഖിലഗിരികള-
ത്യുന്നതം ക്ഷീരനീരം
ഹാ! ഹാ! നിൻ വിശ്വരൂപാമൃതലഹരി പിടി-
ച്ചുത്ഭൂതാനന്ദനായ്ഞാൻ. 13

ഒന്നല്ലാതന്യമില്ലേ, സകല ഭുവനവും
സൂര്യനും ചന്ദ്രനും ഹാ!
മിന്നിക്കാണുന്ന താരാവലികളുമിവിടെ
ക്കാണ്മതാശ്ചര്യമത്രെ;
ഒന്നിച്ചീവിശ്വരൂപപ്പൊരുളിലഹഹ; ഞാ-
നെന്നെയും കൂടിയിപ്പോ-
ളൊന്നായിക്കണ്ടിടുന്നേ, നമിതമഹിമയെൻ-
തമ്പുരാനേ! വിചിത്രം. 14

ഇന്നിപ്പോളന്ധകാരപ്പെരുവഴിയിലലഞ്ഞാ-
ർത്തരാം മർത്ത്യരെല്ലാ-
മൊന്നായിട്ടുള്ളതത്വം പലപലവിധമായ്-
ക്കണ്ടുമോഹാന്ധരാകും.
എന്നിട്ടെന്തൊക്കെയോ പിന്നവരവ-
രഹിതം ചെയ്തുചെയ്തന്ത്യകാല-
ത്തൊന്നൊന്നോടേർത്തു വീർത്തുടലഥ
വെടിയുന്നെന്തുമായാവികാരം. 15

വിപ്രേന്ദ്രൻ ക്ഷിപ്രമേവം കരുതിയകമഴി-
ഞ്ഞശ്രുഗർഭാക്ഷനായി-
ട്ടപ്പാടേപേർത്തുനോക്കുന്നളവിലതിശയാ-
കാരമാം വിശ്വരൂപം,
കെല്പോടെ കണ്ടപാരം വിനയമൊടടിയിൽ
വീണുവന്ദിച്ചപോത-
ങ്ങപ്പോഴും, മുൻപിൽ വന്നോരവികലകുതുകം
വന്നിതാനാലുപേരും. 16

ശിഷ്ടന്മാർ, ചാരുമന്ദസ്മിതമുഖ,രമിതാനന്ദ-
രക്താഭ,രത്യൽ-
കൃഷ്ടന്മാരബ്ജനാഭോപമ, രഖിലകലാ
വല്ലഭന്മാരിദാനിം;
തുഷ്ടാത്മാവായ ധാത്രീസുരവരസവിധേ-
ചെന്നു മന്ദംവിളിച്ചി-
ട്ടിഷ്ടത്തോടിപ്രകാരം കരുണയൊടവരും
ചൊല്ലിനാരല്പലെന്യേ. 17

പാർത്തട്ടിൽ പാർത്തതെല്ലാം മതിമതിസുമതേ!
വന്നു കേറീട്ടകിന്നീ-
തേർത്തട്ടിൽ, പോയിടാം ശ്രീപതിയുടെ നികടേ,
ഭാഗ്യവാനായിതാ നീ;
പാർത്താലിന്നന്യനാരുണ്ടവനിയിലൊരുവൻ
ധന്യനായ് നിന്നൊടൊപ്പം-
ചേർത്തീടാനാരുമില്ലെന്നഖില മുനിജനം
ചൊല്ലുമേ സമ്മതിയ്ക്കും. 18

ഉത്ഥാനം ചെയ്തുവിപ്രൻ പുളകിതതനുവായ്
താണു കുമ്പിട്ടുനിന്നാ-
നത്യന്തം ചിത്തകൌതുഹലമൊടു, മതിയാം
ഭക്തിവിശ്വാസമോടും;
ചിത്താനന്ദേന സത്യാത്മക, രമലമതിപ്രൗഢ
സമ്പൂജ്യമുത്തായ്
വർത്തിച്ചീടുന്ന ഭക്തപ്രവരനെയതുലം
പുൽകിനാരശ്രുപൂർണ്ണം. 19

കല്യാണാത്മാക്കളത്യത്ഭുതപരവശരായ്
സാദരം തേരിലേററി-
സ്സോല്ലാസം കല്യനാകും ധരണിസുരവരൻ
തന്നെയത്യന്തമോദം;
മെല്ലെന്നോരോവിശേഷം സരസമധുരമായ്
ചൊല്ലിയേററം രസിപ്പി-
ച്ചുല്ലാസം പാരമേററീട്ടതിരയമഴലില്ലാതെ
കൊണ്ടങ്ങുപോയീ 20

ആരാലിരേഴുപാരും കുതുകമൊടവനീ-
ദേവനൽക്കണ്ടുയാക-
ണ്ടോരോരോ വാർത്തചോദിച്ചഖിലവുമറിവാ-
നത്ഭുതപ്പെട്ടുപാരം,
നേരേതാനന്ദസച്ചിന്മയനുടെ നിഖിലാ-
നന്ദരൂപാംഗമായി-
ട്ടോരോന്നുംകണ്ടു, രണ്ടാമതുമതുകളിതാ
കണ്ടിടുന്നെന്നതോർത്തു. 21

സൂക്ഷിച്ചോരോന്നു വീക്ഷിച്ചവരൊട്ടു സരസം സ-
ല്ലപിച്ചാശുപോയ്ചെ-
ന്നീക്ഷിച്ചൂ സാക്ഷി ഭ്രുതാലയ,മമിതമഹാ
പാവനം മോഹനാഭം,
അക്ഷീണാനന്ദമക്ഷിദ്വയവുമഥ മുറ-
യ്ക്കാസ്വദിച്ചാശ്വസിക്കാൻ
കാംക്ഷിച്ചിട്ടെന്നപോലക്ഷിതിതലവിബുധൻ
കണ്ണിമയ്ക്കാതെയായി. 22

നൈർമ്മല്യം, പാവനത്വം, മഹിമ മഹിതമാം
കീർത്തിയിത്യാദിനിത്യം
ശർമ്മംചേർക്കുന്ന പാലാഴിയുമമിതമുദാ
സാദരം കണ്ടുവീണ്ടും;
നിർമ്മായം വെണ്മപാരം കലരുമധികഭാ-
സ്സാർന്നൊരാകാശമോയി,-
ന്നെൻമുൻപിൽ കാണ്മതെന്നോർത്തതിശയ-
മവനീദേവനുണ്ടായിപാരം 23

കണ്ടൂ വൈകുണ്ഠമമ്പോ! കനകമണിമയം,
വെണ്മയോടൊത്തുപാരം
കൊണ്ടാടുംദീപ്തി നാനാവിധമധികരസം-
ചേർക്കുമാറത്യുദാരം;
കൊണ്ടൽക്കോളേതുമില്ലാതമിതമമലമാ-
മംബരത്തിൻ നടുക്കായ്
കണ്ടീടും പൂർണ്ണചന്ദ്രോപമ, മതിമഹസാശോ-
ഭമാനം, ദ്വിജേന്ദ്രൻ. 24

ചാരുശ്രീപാരമോലും ഫണിവരമണിയാം
തല്പദേശേ ശയിയ്ക്കും
കാരുണ്യാംബോധിയാകും പരമപുരുഷനെ-
ക്കണ്ടു കൊണ്ടാടിവിപ്രൻ;
പാരിക്കും ദിവ്യശോഭാനിലയവിലയമാം
പൂർണ്ണചന്ദ്രന്റെമദ്ധ്യേ
രാജിക്കും ലാഞ്ഛനത്തിൻ വടിവിലമിതഭാ-
സ്സപ്രകാരം കഥിപ്പൂ. 25

ശ്രീയും ഭൂദേവിയോടൊത്തതികുതുകമിരു-
ന്നാദരാത്സാനുരാഗം
കായാമ്പൂവണ്ണനാമക്കണവനെയതുലാ-
നന്ദമീക്ഷിച്ചിടുമ്പോൾ;
ആയാസംവിട്ടപാരം ദ്രുതതരമണയും
മിന്നലാകുന്ന ദിവ്യ-
ച്ഛായാപൂരേണ പുത്തൻ കരിമുകിലഴകാ-
ന്നൊന്നപോലൊത്തു വിപ്രൻ. 26

കാണാകും ഭൂതജാലം ചരവു മചരവും
സൃഷ്ടിചെയ്‌വാനൊരുക്കി-
ട്ടാണെന്നോ വിട്ടിരിക്കുന്നിതിബതകരുതി-
ട്ടത്ഭുതാനന്ദമോടും;
നാഭീപത്മത്തിലേററം മഹിമയൊടമരും
വിശ്വദാതാവിധാതാ
ശോഭിച്ചീടുന്നപാരം കുതുകമൊടതുമാ
ബ്ഭൂസുരൻ കണ്ടുവീണ്ടും. 27

ദേവന്മാർ, സിദ്ധ, വിദ്യാധരവിവിധഗണം
പാട്ടുപാടിസ്തുതിച്ച-
ങ്ങാവോളം ഭക്തിപൂർവ്വം മലർമഴകൾപൊഴി-
ച്ചുൾക്കടാമോദമോടും;
മേവീടും മട്ടുകണ്ടിട്ടവനിസുരവരൻകോൾ
മയിർ കൊണ്ടുവീണ്ടും
ഗോവിന്ദൻതൻ പദാംഭോരുഹമഹിമ നിന
ച്ചുത്ഭുതപ്പെട്ടുപാരം. 28

നാനാദീപ്തിപ്രകർഷം പെരുകിനമുനിമാ-
രുററ ഭക്ത്യാമനസ്സിൽ
ധ്യാനിച്ചാനന്ദപൂർവ്വം വിലസിനവടിവും
കണ്ടപോതന്തണേന്ദ്രൻ;
മാനാതീതപ്രഭാവ പ്രചുരിമയൊടെഴും
കല്പവൃക്ഷങ്ങളോയീ
ഞാനിക്കാണുന്നതെന്നോർത്തതിശയമകമേ
തേടി വന്മോദമാർന്നു. 29

ലക്ഷ്യംവച്ചങ്ങു പക്ഷിപ്രവരനതിമുദാ
സഞ്ചരിക്കുന്നു, ലക്ഷം
പക്ഷിക്കൂട്ടങ്ങളേററം രുചിയൊടുവിലസു-
ന്നെത്രയും ഭക്തിപൂർവ്വം;
ലക്ഷ്മീകാന്തന്റെചുററും ഗുണഗണമിയലും
ഭക്തസാരൂപ്യമാർന്നാ-
രീക്ഷിച്ചും കൊണ്ടിരിക്കുന്നതു, മതിസരസം
കണ്ടു കൈകൂപ്പിവിപ്രൻ. 30

ത്തുപ്പാദം കണ്ടപാരം കുതുകമൊടെഴുന്നേ-
റ്ററങ്ങു താഴത്തിറങ്ങീ-
ട്ടപ്പാടെ ചെന്നു പൊൽത്താരടിയിണയി-
ലുടൻ വീണു സാഷ്ടാംഗമായി
ത്തൃക്കൈകൊണ്ടാശുമന്ദം പരിചിനൊടെഴുന്നേ-
ല്പിച്ചു നാരായണൻ, സാ-
രൂപ്യം സിദ്ധിച്ചു പെട്ടെന്നവനിസുരവരൻ
ജന്മസാഫല്യമാൻ 31

ആക്കോക്കാമീശ്വരാ! നിന്മഹിമകളമിതം
നിൻെറപേരന്ത്യകാല-
ത്തോക്കാതെന്നാകിലും ഹാ പറവതിന്നിടയാ-
യ്‌വന്നകൊണ്ടിപ്രകാരം;
ദുഷ്ക്കാലം നീങ്ങുമെന്നാ,ലറിവൊടുമനിശം
ചിത്തതാരിങ്കൽ നിന്നെ-
ച്ചേർക്കുന്നോക്കേന്നനൽകും, "ജയജയ"
കരുണാസത്തമമേ പത്മനാഭ! 32

ഹരിഃ ഓം.

UNIVERSITY LIBRARY
21 JUL 1955
MADRAS
MUL
165492
165492
38420
032:1N018:11
G8

7 AUG 1956